(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

വെള്ളപ്പൊക്കംമൂലം പത്തനംതിട്ട ജില്ലയിലുണ്ടായ നാശ നഷ്ടങ്ങൾ

650. [873] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ വെള്ളപ്പൊക്കത്തിന്റെയും പേമാരിയുടേയും ഫലമായി പത്തനംതിട്ട ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ എത്ര കോടി രൂപ വരുമെന്നാണ് ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത് ;

(ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ജില്ലയ്ക്ക് അനുവദിച്ച തുക എത്ര ;

(സി) വെള്ളപ്പൊക്കംമൂലം കൃഷിനാശം സംഭവിച്ചവർക്ക് എന്തെല്ലാം സഹായമാണ് ഗവൺമെന്റ് നൽകിയിട്ടുള്ളത് ;

(ഡി) ആകെ എത്ര വീടുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട് വീട് പൂർണ്ണമായി നശിച്ചവ എത്ര ; ഭാഗികമായി നശിച്ചവ എത്ര ;

(ഇ) ഹരിജൻ കോളനികളിലെ വീടുകളുടെ പുനർനിർമ്മാണത്തിന് ഇനിയും സാമ്പത്തിക സഹായം ലഭ്യമായിട്ടില്ലെന്നതിനാൽ അവർക്ക് വേണ്ട സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) കുട്ടനാടൻ മേഖലകളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ തിരുവല്ലാ താലൂക്കിന്റെ പടിഞ്ഞാറൻ മേഖലകളിൽ നൽകുന്നില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ജി) ഇക്കാര്യം പ്രത്യേകം പരിഗണിച്ച് തിരുവല്ലാ താലൂക്കിലെ പടിഞ്ഞാറൻ മേഖലകളിലും കുട്ടനാട്ടിലെപോലെ ദുരിതാശ്വാസപ്രവർത്തനാനുകൂല്യങ്ങൾ നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വർഷത്തെ വെള്ളപ്പൊക്കത്തിന്റെയും പേമാരിയുടേയും ഫലമായി ഉണ്ടായ നാശനഷ്ടങ്ങൾ ജില്ലാടിസ്ഥാനത്തിലല്ല കണക്കാക്കിയിട്ടുള്ളത്.

(ബി) മാർജിൻ മണിയിൽ നിന്നും 7.75 ലക്ഷം രൂപ ഉൾപ്പെടെ ഇതുവരെ 62.75 ലക്ഷം രൂപ വെള്ളപ്പൊക്ക ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് അനുവദിച്ചു.

(സി) കൃഷിനാശം സംഭവിച്ചവർക്ക് ആശ്വാസം നൽകുന്നതിനായി 100 ലക്ഷം രൂപ സഞ്ചിത നിധിയിൽ നിന്നും സർക്കാർ കൃഷി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ഡി) ആകെ 12,352 വീടുകൾക്ക് നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. 6320 വീടുകൾ പൂർണ്ണമായി നശിച്ചു. 6032 വീടുകൾ ഭാഗികമായി നശിച്ചു.

(ഇ) സാമ്പത്തിക സഹായം ലഭ്യമായിട്ടില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിരുന്നില്ല. ഇതേപ്പറ്റി അന്വേഷിക്കുന്നതാണ്.

(എഫ്, ജി) ദുരിതാശ്വാസമായി ആനുകൂല്യങ്ങൾ നൽകുന്നത് എല്ലായിടത്തും ഒരേ തോതിൽ തന്നെയാണ് എന്നാൽ ദുരിതത്തിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് വിവിധ മേഖലകളിൽ ലഭ്യമാകുന്ന മൊത്തം ആനുകൂല്യങ്ങളിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാം.

LIBRARY ARCHIVES Kerala Legislative Assembly